## രക്തസാക്ഷിയുടെ തൂലിക

**ലക്കം** 13-ൽ ഹൈദറലി ശാന്തപുരം എഴുതിയ 'സയ്യിദ് ഖുത്ബിനെ ഓർക്കുമ്പോൾ' ലേഖനം ശ്രദ്ധേയമായി. സയ്യിദ് ഖുത്ബിന്റെ രക്തസാക്ഷിത്വം 43-ാം വർഷം പിന്നിടുമ്പോൾ ധീര മുജാഹിദും ആദർശശാലിയും ഖുർആന്റെ തണലിൽ ജീവിച്ച ചിന്തകനുമായ ശഹീദ് സയ്യിദ് ഖുത്ബിനെ പുതു തലമുറ ആഴത്തിലറിയേണ്ടിയിരിക്കുന്നു.

സമകാലിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളിൽ ഏറ്റവും കിരാത പീഡനങ്ങൾക്ക് ഇരയാക്കപ്പെടുകയും നിരവധി രക്തസാക്ഷികളെ സംഭാവന ചെയ്യുകയും ചെയ്ത പ്രസ്ഥാനമാണ് അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ. എന്നാൽ, അദ്ദേഹം ഇഖ്‌വാൻ എന്ന സംഘടനയുടെ വക്താവായിരുന്നില്ല. തികഞ്ഞ ഇസ്‌ലാമിക ചിന്തകനും പണ്ഡിതനുമായി അദ്ദേഹം ജീവിച്ചു. *ഫീ ളിലാലിൽ ഖുർആൻ* എന്ന ഖുർആൻ വ്യാഖ്യാനം ലോകത്തിന് സംഭാവന ചെയ്ത അതുല്യ പ്രതിഭ. *ഇസ്‌ലാമിലെ സാമൂഹ്യനീതി*, *ഇസ്‌ലാം നാളെയുടെ മതം* തുടങ്ങി നിരവധി കൃതികളും ഏറ്റവും ഒടുവിലത്തേതും രക്തസാക്ഷ്യത്തിന് കളമൊരുക്കിയതുമായ പ്രസിദ്ധ കൃതി *വഴിയടയാളങ്ങളും* ശഹീദിന്റെ മികച്ച സംഭാവനകളാണ്.

ജമാൽ അബ്ദുന്നാസിറിന്റെ പട്ടാള ഭരണകൂടം നാനാതരം മർദന പരമ്പരകൾ അദ്ദേഹത്തിന് നേരെ അഴിച്ചുവിട്ടു. തീ കൊണ്ട് ചൂടുവെക്കുക, പോലീസ് നായയെകൊണ്ട് കടിച്ച് വലിപ്പിക്കുക, തലയിൽ നിരന്തരം ചൂടുവെള്ളവും തണുത്ത വെള്ളവും ഒഴിക്കുക തുടങ്ങിയ മർദനമുറകൾക്കൊന്നും അദ്ദേഹത്തിന്റെ വിശ്വാസത്തെയും കരുത്തിനെയും തളർത്താനായില്ല.

മർദക ഭരണകൂടം ശാരീരികമായി സയ്യിദിനെ വധിച്ചുവെങ്കിലും അദ്ദേഹം നിലകൊണ്ട ദൗത്യത്തെ ഗളഹസ്തം ചെയ്യാൻ അവർക്ക് കഴിഞ്ഞില്ല. വരുംതലമുറകളിലും ആ മഹാനുഭാവന്റെ നാമം അനശ്വരമായിരിക്കും. അദ്ദേഹത്തിന്റെ മഹദ് ഗ്രന്ഥങ്ങൾ യുഗാന്തരങ്ങളിലൂടെ ഇസ്‌ലാമിക ചിന്താ നഭസ്സിലെ ഒരു വെള്ളിനക്ഷത്രമായി പ്രശോഭിക്കും.

**സവാദ് മൗലവി ബാഖവി**
**നെടുമ്പാശ്ശേരി എയർപോർട്ട് കൊച്ചി**

## സ്നേഹത്തിന്റെ സംവാദ ശീലുകൾ

**എറണാകുളം** ജില്ലയിലെ വിവിധ ക്രിസ്തീയ പുരോഹിത പാഠശാലകളിലേക്ക് വിശുദ്ധ ഖുർആന്റെ സമ്പൂർണ വ്യാഖ്യാന ഗ്രന്ഥങ്ങൾ സമ്മാനിക്കാനായി വേദിയൊരുക്കുന്നത് സംബന്ധിച്ച് ഒരു ക്രിസ്ത്യൻ ആശ്രമാധിപനുമായി സംസാരിച്ചു. അദ്ദേഹം ചോദിച്ചു: "നിങ്ങൾ ഇന്ന ആളുമായി ബന്ധപ്പെട്ടവരാണോ?" ഞാൻ പറഞ്ഞു: "ഞങ്ങൾ അവ്വിധമുള്ള ആളുകളെ തിരുത്താൻ ശ്രമിക്കുന്നവരാണ്." അദ്ദേഹം സന്തോഷപൂർവം ആ പരിപാടിക്ക് ആശ്രമത്തിലെ എല്ലാ സംവിധാനങ്ങളും അനുവദിച്ചുതന്നു.

മഠാധിപൻ അന്വേഷിച്ച ആൾ കേരളത്തിലെ അറിയപ്പെടുന്ന ഒരു 'മുസ്‌ലിം വാഗ്വാദ പണ്ഡിതൻ.' അദ്ദേഹത്തിന്റെ ആളുകൾ വഞ്ചനയിലൂടെ തന്നെ പരിപാടിക്ക് ക്ഷണിച്ച് അപമാനിക്കുകയായിരുന്നുവെന്ന് മഠാധിപൻ ഖേദത്തോടെ ഓർക്കുന്നു. ഇത് ഒരു കഥ.

മറ്റൊരു കഥ ഇങ്ങനെ: നജ്റാനിലെ ക്രൈസ്തവരുമായി മുഹമ്മദ് നബി സംവാദത്തിലേർപ്പെട്ടിരുന്നു. തങ്ങളുടെ പൂർവികരുമായാണ് നബി സംവാദം നടത്തിയതെന്ന് ഇന്നും അഭിമാനപൂർവം സ്മരിക്കുന്ന സഭയുടെ 2007-ലെ സോവനീറിലെ വരികൾ ഇപ്രകാരമാണ്:

"പേർഷ്യൻ ഭരണകാലഘട്ടത്തിനു ശേഷം മധ്യപൂർവേഷ്യയിൽ മുസ്‌ലിം ശക്തിയുടെ നവോത്ഥാന കാലമുണ്ടായി, മുഹമ്മദ് നബിയുടെ നേതൃത്വത്തിൽ. അത്യന്തം മതസഹിഷ്ണുത പ്രദർശിപ്പിച്ചിരുന്ന മഹാനായ മനുഷ്യസ്നേഹിയായിരുന്നു മുസ്‌ലിം പ്രവാചകനായ മുഹമ്മദ് നബി. കൽദായ സുറിയാനി സഭയുടെ 36-ാം പാത്രിയാർക്കീസായിരുന്ന മാർ ഈശോയവ് (എഡി 628-643) മുഹമ്മദ് നബിയുമായുണ്ടാക്കിയ കരാർ പ്രകാരം പൗരസ്ത്യ സഭാ പാത്രിയാർക്കീസുമാർക്ക് രാഷ്ട്രീയാധികാരവും അസ്സീറിയൻ ക്രിസ്ത്യാനികൾക്ക് സ്വയംഭരണാധികാരവും നൽകിയിരുന്നു. പിൽക്കാലത്ത് വന്ന മുസ്‌ലിം ഖാലിഫുമാരും അസ്സീറിയക്കാരുടെ ഈ അവകാശം വകവെച്ചുകൊടുത്തു. എ.ഡി 762-ൽ പാത്രിയാർക്കീസുമാരുടെ ആസ്ഥാനം സെലൂഷ്യയിൽനിന്നും ബാഗ്ദാദിലേക്ക് മാറ്റപ്പെട്ടു" (മാർയോഹന്നാൻ മംദാന പള്ളി പുനർനിർമാണ-കൂദാശ സോവനീർ, തൃശൂർ- 2007 പേജ് 167).

ഇതത്രെ സഹസ്രാബ്ദങ്ങൾക്കു ശേഷവും തുടിച്ചുനിൽക്കുന്ന പ്രബോധക വ്യക്തിത്വത്തിന്റെ ഉജ്ജ്വല മാതൃക.

സൗമ്യവും ദീപ്തവുമായ ചിന്തകളാൽ ശാന്തമായ അന്തരീക്ഷത്തിൽ പ്രബോധിതന്റെ ഹൃദയാന്തരാളങ്ങളിലേക്ക് ആഴ്ന്നിറങ്ങേണ്ടതാണ് ദഅ്‌വത്ത്. മുസ്‌ലിം ഉമ്മത്തിലെ മസിൽമാന്മാരുടെ കൈയടികൾ കൊണ്ടും ആക്രോശങ്ങൾ കൊണ്ടും അത് തള്ളിക്കയറ്റാമെന്ന് ധരിക്കരുത്. വിനയത്തിന്റെയും അനുകമ്പയുടെയും വാത്സല്യത്തിന്റെയും കരുണയുടെയും പ്രവാചക മാതൃകകൾക്കു പകരം, അഹങ്കാരത്തിന്റെയും തൻപോരിമയുടെയും മേളപ്പെരുക്കങ്ങൾ ഇസ്‌ലാമിനെക്കുറിച്ച അവമതിക്കു മാത്രമേ ഇടവരുത്തൂ.

മതത്തോട് പുഛമുള്ളവരോ സമൂഹത്തോട് പ്രതികാരം ചെയ്യാൻ അവസരം പാർത്തു നടക്കുന്നവരോ ഈ ശൈലിയിൽ ആകൃഷ്ടരായേക്കാം. പക്ഷേ അവർ മാത്രമല്ലല്ലോ സമൂഹത്തിലുള്ളത്. സകല ധർമങ്ങളിലുമുള്ള ഇസ്‌ലാമിക മൂല്യങ്ങളെ ഉയർത്തിക്കാണിച്ചും എല്ലാ മതങ്ങളിലുമുള്ള സമാന ആശയങ്ങൾ അനുസ്മരിച്ചും പ്രബോധനം നടത്താനുള്ള ആഹ്വാനം ആരുടെയും കണ്ടെത്തലോ പുതുനിർമിതിയോ അല്ല. ഖുർആന്റെ ആഹ്വാനം മാത്രമാണ് (*ആലുഇംറാൻ* 64). അതിനെ സർവമതസത്യ പ്രബോധനം എന്നും കപട പ്രബോധനം എന്നും ആക്ഷേപിക്കുന്നതിലർഥമില്ല.

വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്ന യുക്തിജ്ഞാനത്തിന്റെയും സദുപദേശത്തിന്റെയും വിവേകത്തിന്റെയും ലാളിത്യത്തിന്റെയും ശൈലികൾ മാറ്റിനിർത്തിക്കൊണ്ടുള്ള പ്രബോധനം വിപരീതഫലമേ ഉണ്ടാക്കൂ.

**അബ്ദുൽ അസീസ് ആലുവ**

## മഴവിൽ ഇസ്‌ലാം

**ഇസ്‌ലാമിന്റെ** മഴവില്ലിൽ ചേരേണ്ട വർണങ്ങൾ ഇനിയുമുണ്ട്; ഇനിയും മുസ്‌ലിം സമൂഹത്തിന്റെ മുഖ്യധാരയിലെത്തിയിട്ടില്ലാത്ത ബാർബർമാരെ പോലുള്ളവർ. ലക്ഷദ്വീപിലും ഇതര സംസ്ഥാനങ്ങളിലും ഇതുപോലെ ചില വിഭാഗങ്ങളുണ്ട്. വൻ സമ്പന്നരുടെ എണ്ണം വർധിച്ചുവരുമ്പോൾ സമുദായത്തിനകത്ത് വരേണ്യത ശക്തിപ്പെടുന്നതും കാണാതിരുന്നുകൂടാ. ആദിവാസികളെപ്പോലെ ദുരിതത്തിൽ ജീവിക്കുന്ന അധഃകൃത മുസ്‌ലിം വിഭാഗങ്ങളെപ്പറ്റി സച്ചാർ കമ്മിറ്റിയും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇസ്‌ലാമിന്റെ സമഭാവന അനുഭവിക്കാൻ ഇവർക്കെല്ലാം അവസരം ലഭിക്കേണ്ടതുണ്ട്. ചിന്തകളുടെ ബഹുസ്വരത പോലെത്തന്നെയാണ് ഇതും. ഇവരെ സമുദായത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നത് ഇസ്‌ലാമിക മഴവില്ലിനെ കൂടുതൽ മിഴിവുറ്റതാക്കും.

**പി.പി മുനീർ പള്ളിവക്കത്ത്**

# വഴിമാറുന്ന വഴിവെളിച്ചം

*പ്രബോധനം* വാരികയിലെ ഹദീസ് പംക്തിയിൽ ഉദ്ധരിക്കുന്ന ഹദീസുകളുടെ സാധുതയും അതിലൂടെ സമർഥിക്കുന്ന വിഷയങ്ങളിൽ സംഭവിക്കുന്ന അബദ്ധങ്ങളും പലരും പലപ്പോഴായി ചൂണ്ടിക്കാണിക്കാറുണ്ടെങ്കിലും അതൊന്നും ഗൗനിക്കാതെയാണ് ലേഖകൻ എഴുതാറുള്ളത്. ഖുർആൻ കൊണ്ടും സ്ഥിരപ്പെട്ട ഹദീസുകൾ കൊണ്ടും സ്ഥാപിതമായ വസ്തുതകളെ പോലും ഇകഴ്ത്തുന്ന ലേഖനങ്ങൾ കാണാനിടവരുന്നു. അതിന്റെ ഉദാഹരണമാണ് 'അറിവിന്റെ മഹത്വം' (ലക്കം 11).

സെപ്റ്റംബർ 5-ന്റെ വഴിവെളിച്ചത്തിൽ 'നിങ്ങളുടെ നന്മ അല്ലാഹുവിനെ കാണിക്കുവിൻ' എന്ന തലക്കെട്ടിന് താഴെ ഉദ്ധരിച്ച ഇമാം ത്വബ്റാനിയുടെ ഹദീസ് വ്യാജ ഹദീസിന്റെ ഗണത്തിലാണ് ഹദീസ് പണ്ഡിതന്മാരെല്ലാം ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഹദീസിന്റെ നിവേദക പരമ്പരയിൽ അതീവ ഗുരുതരമായ കാരണത്താൽ ക്രൂശിലേറ്റി വധിക്കപ്പെട്ട മുഹമ്മദ് ബ്നു സഈദ് എന്ന സിൻദീഖ് ഉണ്ട്. കൂടുതലറിയാൻ *പ്രബോധനം* ഹദീസ് പതിപ്പ് 2004, പേജ് 110 നോക്കുക. നിദാനശാസ്ത്രത്തിന്റെ ഏത് മാനദണ്ഡമനുസരിച്ച് നോക്കിയാലും ത്വബ്റാനിയുടെ പ്രസ്തുത ഹദീസിന് 'ഹസൻ' എന്ന സ്വീകാര്യ പദവി നൽകാനാവില്ല.

ഇമാം മുൻദിരിയുടെ 'അത്തർഗീബ് വത്തർഹീബ്' എന്ന ഹദീസ് ഗ്രന്ഥത്തിന് ഒരു സംശോധിത പതിപ്പ് ലേഖകൻ ഉദ്ധരിച്ച മൂവർ സംഘം പുറത്തിറക്കിയിട്ടുണ്ട്. സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട ഒരു കാര്യം വളരെ ലാഘവത്തോടു കൂടിയാണീ സംഘം കൈകാര്യം ചെയ്തതെന്നാണ് അതിനു ശേഷം പുറത്തിറങ്ങിയ അത്തർഗീബിന്റെ ഇതര പതിപ്പുകൾ നോക്കുമ്പോൾ മനസ്സിലാകുന്നത്. അബദ്ധങ്ങളുടെയും അക്ഷന്തവ്യമായ തെറ്റുകളുടെയും കൂമ്പാരം കൊണ്ട് വാള്യങ്ങളധികരിച്ചുവെന്നതല്ലാതെ മറ്റൊരു ഗുണവും അതിനില്ല. ദൗർഭാഗ്യവശാൽ ലേഖകൻ അവലംബിക്കാറുള്ളത് ഈ മൂവർ സംഘത്തിന്റെ ഈ ഗ്രന്ഥത്തെയാണ്.അതിനാലാണ് അടിക്കടി വഴിവെളിച്ചത്തിൽ ഇത്തരം അബദ്ധങ്ങളും പോരായ്മകളും സംഭവിക്കുന്നത്. ഇമാം മുൻദിരിയുടെ 'തർഗീബി'നെ ഒഴിച്ചുകൂടാനാവാത്ത ഒറ്റമൂലികയായാണ് ലേഖകൻ കാണുന്നത്. ഒരു പുരുഷായുസ്സ് മുഴുവൻ ഹദീസ് പഠനത്തിന് ചെലവഴിച്ച ശൈഖ് അൽബാനിയുടെയോ പ്രമുഖ പണ്ഡിതൻ ശൈഖ് ഖദാവിയുടെയോ പതിപ്പുകൾ അവലംബമാക്കിയാൽ ഒരു പരിധിവരെ തെറ്റുകുറ്റങ്ങളിൽനിന്ന് മുക്തമായേനെ.

**ഇബ്നു മുഹമ്മദ് അൽവക്റവി, ദോഹ-ഖത്തർ**

# 'അറിവിന്റെ മഹത്വം' ഹദീസിനെക്കുറിച്ച്

**വിജ്ഞാനികളെയും** രക്തസാക്ഷികളെയും താരതമ്യം ചെയ്തുകൊണ്ട് പ്രവാചകനിൽനിന്ന് ഉദ്ധരിക്കുന്ന ഹദീസ് (ലക്കം 11) ഇമാം ദൈലമി *മുസ്നദുൽ ഫിർദൗസിൽ* അബ്ദുല്ലാഹിബ്നു ഉമറി(റ)ൽനിന്നും നിവേദനം ചെയ്തതാണ്. കൂടാതെ ഇമാം ഇബ്നു അബ്ദിൽ ബർറ് *ഇൽമിൽ* അബുദ്ദർദാഇ(റ)ൽനിന്നും ഇബ്നുൽ ജൗസി *ഇലലിൽ* നുഅ്മാനുബ്നു ബശീറി(റ)ൽനിന്നും ശീറാസി *അൽഖാബ്* എന്ന ഗ്രന്ഥത്തിൽ അനസുബ്നു മാലികി(റ)ൽനിന്നും ഇതേ നബിവചനം ഉദ്ധരിച്ചിരിക്കുന്നു. നിവേദക പരമ്പരയിൽ ദുർബല കണ്ണികളുള്ളതിനാൽ അധിക പണ്ഡിതന്മാരും ഈ ഹദീസ് തള്ളിക്കളഞ്ഞിരിക്കുന്നു. എന്നാൽ അല്ലാമാ മുനാവിയെപോലുള്ളവർ, നിവേദക പരമ്പരയുടെ ആധിക്യം ഈ തിരുവചനത്തിന് ബലം നൽകുന്നുണ്ടെന്ന പക്ഷക്കാരാണ് (വിശദീകരണത്തിന്: *ഇത്ഹാഫു സാദത്തുൽ മുത്തഖീൻ*, വാല്യം 1, പേജ് 111, *കൻസുൽ ഉമ്മാൽ* വാല്യം 10, പേജ് 61, *കശ്ഫുൽ ഖഫാഇ വ മുസീലുൽ അൽബാസ്* വാല്യം 2, പേജ് 496).

**ജഅ്ഫർ എളമ്പിലാക്കോട്**

# വെബ്സൈറ്റ് വായന!

**മൂല്യപ്രബുദ്ധതയുടെ** അറുപതാം വാർഷികം ആഘോഷിക്കാൻ തയാറെടുക്കുന്ന *പ്രബോധനം* വാരിക, സാധാരണക്കാരായ വായനക്കാരെ മറന്ന് ഇനി മുതൽ കത്തുകളും പ്രതികരണങ്ങളുമെല്ലാം വേണ്ടവർ വേണമെങ്കിൽ വെബ്സൈറ്റിൽ വായിക്കാൻ പറയുന്നത്. ഒരു ദന്തഗോപുര തീരുമാനമായി! അക്ഷരമാധ്യമങ്ങളുടെ വിളനിലം വായനക്കാരാണ്. *പ്രബോധന*ത്തിന്റെ വായനക്കാർ ബഹുഭൂരിഭാഗവും സാധാരണക്കാരാണ്; സൈബർ സൗകര്യങ്ങളൊന്നും സ്വപ്നം കാണാൻ പോലും കഴിയാത്ത മിസ്കീന്മാർ! വായനക്കാർ വർധിക്കുമ്പോൾ അഭിപ്രായങ്ങളും വർധിക്കും. പേജ് വർധിപ്പിച്ച് അഭിപ്രായങ്ങൾ ഉൾക്കൊള്ളിക്കണം.

**അലവി വീരമംഗലം**

# സ്ക്വാഡ് പ്രവർത്തനങ്ങളുടെ നൈരന്തര്യം

**ഒ.പി** അബ്ദുസ്സലാം മൗലവിയുടെ ജീവിതാനുഭവങ്ങൾ വായിച്ചു. കാരിരുമ്പ് പോലുള്ള ഹൃദയമുള്ളവരെന്നു കരുതുന്ന ആഫ്രിക്കൻ നിവാസികളിൽ നടത്തിയ പ്രബോധന പ്രവർത്തനങ്ങൾ വായിച്ചപ്പോൾ വല്ലാത്ത ഹൃദ്യത തോന്നി. വിഭിന്ന ചേരിയിലുള്ളവരുടെ പോലും ഹൃദയം കവരുന്ന പ്രവർത്തന ശൈലി ഇസ്ലാമിക പ്രവർത്തകർക്ക് പാഠമാകേണ്ടതാണ്. പരമ്പരയുടെ അവസാനം അദ്ദേഹം കുറിക്കുന്നതും ചിന്തനീയമാണ്. സ്ക്വാഡു പ്രവർത്തനങ്ങൾ സജീവമായി ഇക്കാലത്തും വേണമെന്ന അഭിപ്രായം മുഖവിലക്കെടുക്കുക. പരമ്പരാഗത ശൈലിയിൽനിന്നും ഒട്ടും മാറാത്ത രീതിയിലാണ് ചിലർ സ്ക്വാഡ് ഇപ്പോഴും തുടർന്ന് വരുന്നത്. പ്രസ്ഥാനത്തിന്റെ സന്ദേശം സാധാരണക്കാരിലേക്ക് എത്താൻ അവരുമായി ഉള്ളറിഞ്ഞ ബന്ധം വേണം. ഈയൊരു ബന്ധം സ്ഥാപിക്കാൻ അവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും നേരിട്ടറിയുകയും അതിന് പരിഹാരമുണ്ടാക്കി കൊടുക്കുകയും വേണം. നിർഭാഗ്യകരമെന്ന് പറയട്ടെ ഇന്ന് സ്കോഡ് പ്രവർത്തനങ്ങൾ നിലച്ച മട്ടാണ്. സുഖലോലുപതയും മടിയും സമയമില്ലായ്മയും കാരണം സ്ക്വാഡുകൾ അന്യം നിൽക്കുന്ന അവസ്ഥക്ക് മാറ്റമുണ്ടാകണം.

**എൻ.പി അബ്ദുൽ കരീം**
**ചേന്ദമംഗല്ലൂർ**

## ചുരുക്കെഴുത്ത്

*പ്രബോധനം* വാരികയുടെ അറുപതാം വാർഷികപ്പതിപ്പ് പ്രസിദ്ധീകരിക്കുന്നതറിഞ്ഞതിൽ സന്തോഷമുണ്ട്. വാരിക കൂടുതൽ ആകർഷകമാക്കണം. വളരെക്കാലമായി തുടർന്നുവരുന്ന ഖുർആൻ പംക്തിയിലെ അറബി ഫോണ്ട് (ലിപി) വായിക്കാൻ വിഷമമാണ്. അൽപം കൂടി വലിയ സൈസ് ഉപയോഗിക്കുന്നത് സഹായകരമായിരിക്കും. ധാരാളം നല്ല പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. അവയെ പരിചയപ്പെടുത്തുന്ന നിരൂപണങ്ങളും ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.

**അബ്ദുല്ല മുനഫർ കൊയിലാണ്ടി**